പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3381 — 13.03.2017 ൽ മറുപടിക്ക്

**കോട്ടയത്തു നിന്നുള്ള ജലഗതാഗതം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കോട്ടയത്ത് നിന്നും ആലപ്പുഴയിലേക്കും മറ്റ് പ്രദേശങ്ങളിലേക്കും ജലഗതാഗതം കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; | (എ) നിലവിൽ ആലപ്പുഴ മേഖലയിൽ നിന്നും മറ്റ് യാത്രാ മാർഗ്ഗങ്ങൾ ഇല്ലാത്ത കുട്ടനാട് ഉൾപ്പെടെയുള്ള വെള്ളത്താൽ ചുറ്റപ്പെട്ട മേഖലകളിലേയ്ക്ക് സർവ്വീസുകൾ നടത്തി വരുന്നു. ആലപ്പുഴയിൽ നിന്നും കാഞ്ഞിരം വരെ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. കോട്ടയം വരെ നടത്തിയിരുന്ന ടി സർവ്വീസ് റൂട്ടിലെ തടസ്സങ്ങൾ മൂലമാണ് നിലവിൽ കാഞ്ഞിരം വരെയാക്കി ചുരുക്കിയിട്ടുള്ളത്. |
| (ബി) യാത്രക്കാരുടെയും വിനോദസഞ്ചാരികളുടെയും വർദ്ധനവിന് അനുസരിച്ച് കൂടുതൽ യാത്രാ ബോട്ടുകൾ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) യാത്രക്കാരുടേയും വിനോദ സഞ്ചാരികളുടെയും വർദ്ധനവിന് അനുസരിച്ച് കൂടുതൽ യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തുന്ന കാര്യം പരിശോധിച്ച് വരുന്നു.. വൈക്കം-എറണാകുളം, ആലപ്പുഴ- കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ പുതുതായി വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കും ഒരുപോലെ പ്രയോജനപ്രദമായ വിധത്തിൽ അതിവേഗ യാത്രാ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിലേയ്ക്കായി 120 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് എ സി ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ച് വരുകയാണ്. അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുവാൻ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കും ഉതകുന്ന വിധത്തിൽ സീ-അഷ്ടമുടി എന്ന പേരിൽ ഒരു സർവ്വീസ് കൂടി ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ